

Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

# ജാമ്യത്തിലിറങ്ങി മുങ്ങിയ തമിഴ്നാട് സ്വദേശി പിടിയിൽ



രണ്ട് കൊലപാതക കേസുകളിൽ ഉൾപ്പെട്ട് കോടതിയിൽ വിചാരണക്ക് ഹാജരാവാതെ മുങ്ങി നടന്നിരുന്ന പിടികിട്ടാപ്പുള്ളിയായ പേരൂർ, മാടംപെട്ടി കുപ്പനൂർ ചിന്നസ്വാമിയുടെ മകൻ 41 വയസ്സുള്ള ശിവകുമാർ എന്ന ശെന്തിലിനെയാണ് ഇൻസ്പെക്ടർ പി അബ്ദുൾ മുനീറും സംഘവും കോയമ്പത്തൂരിലെ സായിബാബ കോളനിയിൽ വച്ച് വളരെ തന്ത്രപരമായ നീക്കങ്ങളിലൂടെ അറസ്റ്റ് ചെയ്തത്.

പ്രതി കോയമ്പത്തൂരിലെ താമസ വീട്ടിൽ പോവാതെ സായിബാബ കോളനിയിൽ ഒളിച്ച് താമസിക്കുന്നു എന്നുള്ള രഹസ്യ വിവരത്തിന്റെ

അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശ പ്രകാരം ഒറ്റപ്പാലം പോലീസ് ഇൻസ്പെക്ടർ പി. അബ്ദുൾ മുനീറും, സീനിയർ സിവിൽ പോലീസ് ഓഫീസർ മാരായ കെ. ജയകുമാർ, വി.രവികുമാർ, വി. മുകുന്ദകുമാർ, സിവിൽ പോലീസ് ഓഫീസർമാരായ കെ.സി.പ്രദീപ് കുമാർ, കുമരേഷ്, ഡ്രൈവർ സീനിയർ സിവിൽ പോലീസ് ഓഫീസർ ഹരിദാസൻ, വാളയാർ പോലീസ് സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ അനിൽ കുമാർ പാലക്കാട് സൈബർ സെല്ലിലെ സിവിൽ പോലീസ് ഓഫീസറായ ജി. സതീഷ് എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

……………………………